# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- V.C 5/2023/ടിഎസ്ആർ നമ്പർ വിജിലൻസ് കേസ്- പ്രതിചേർക്കപ്പെട്ടതിനെ തുടർന്ന് സസ്പെൻഡ് ചെയ്ത ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. പ്രദീപ് വർഗ്ഗീസ് കോശി-യെ സർവീസിൽ പുനഃ പ്രവേശിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ആരോഗ്യവകുപ്പ് കുടുംബക്ഷേമ വകുപ്പിന്റെ 1.6.2024 ലെ കത്ത് നം A2/284/2023-Health

2.ഇസി സെക്ഷനിൽ നിന്നും ലഭിച്ച 10.06.2024ലെ കത്ത് നം.DHS/3720/2023-EC7

**ഉത്തരവ് നം : DHS/13745/2024-EB3 തിയതി : 15-06-2024**

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി ജോലി ചെയ്ത് വരവേ V.C 5/2023/ടിഎസ്ആർ നമ്പർ വിജിലൻസ് കേസിൽ പ്രതിചേർക്കപ്പെട്ടതിനെ തുടർന്ന് സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത ഡോ. പ്രദീപ് വർഗ്ഗീസ് കോശി യെ തൃശ്ശൂർ ജില്ലയ്ക്ക് പുറത്ത് നിയമനം നൽകണമെന്ന വ്യവസ്ഥയോടെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ സൂചന 1 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ഡോ. പ്രദീപ് വർഗ്ഗീസ് കോശി യെ (PEN: 604327) ഇടുക്കി ജില്ലാ ആശുപത്രിയിൽ നിയമിച്ചു ഉത്തരവാകുന്നു. 2024 ലെ പൊതുസ്ഥലമാറ്റം മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ പൊതുസ്ഥലംമാറ്റം നടത്തുന്ന അവസരത്തിൽ ആവശ്യമെങ്കിൽ പ്രസ്തുത നിയമനം പുനഃപരിശോധിക്കുന്നതാണ്.

ഡോ. പ്രദീപ് വർഗ്ഗീസ് കോശി 26.06.2024 തീയതിക്കു മുൻപായി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 15-06-2024 15:07:56

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. പ്രദീപ് വർഗ്ഗീസ് കോശി,ജൂനിയർ കൺസൾട്ടന്റ്(ഒബിജി)

പകർപ്പ് : 1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2.ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം),ഇടുക്കി
3. സൂപ്രണ്ട്, ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രി,തൃശ്ശൂർ
4. സൂപ്രണ്ട്, ഇ.സി സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ